ഏൽപ്പിക്കുകയുമുണ്ടായി. വളരെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ അങ്ങയുടെ ഓഫീസ് വിട്ടിറങ്ങിയത്. ഇന്ന് ആ പ്രദേശത്തെ നാട്ടുകാരും വിദ്യാർത്ഥികളും സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണനടത്തുകയാണ്. പുത്തൻതോപ്പ് ആശുപത്രിയിലേയ്ക്ക് രോഗികളെ കൊണ്ടുപോകുന്നതിനും അതിന് പരിസരത്തുള്ള കോളേജിലും സ്കൂളിലും വിദ്യാർത്ഥികൾക്ക് എത്തുന്നതിനുമൊക്ക വളരെ ബുദ്ധിമുട്ടനുഭവപ്പെടുകയാണ്. അടുത്ത ബഡ്ജറ്റിൽ എന്നുപറയാതെ ദയവായി ഈ വർഷം തന്നെ അതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി 787 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫയൽ ധനവകുപ്പിന് ലഭിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ധനവകുപ്പ് കേരളത്തിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മാത്രമായി 287.20 കോടിയോളം രൂപയ്ക്കുള്ള പ്രത്യേകാനുമതി ഇതിനോടകം നൽകിക്കഴിഞ്ഞതിനാൽ ഈ സാമ്പത്തിക വർഷം കൂടുതൽ അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ കഴിയില്ല. അതുകൊണ്ട് കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പുത്തൻതോപ്പ് പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ തുക അടുത്ത സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന് നീക്കിവയ്ക്കുന്ന വിഹിതത്തിൽനിന്ന് കണ്ടെത്താവുന്നതാണ്.

(16) നെൽകൃഷി പ്രോത്സാഹനം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഏറെ ദുരിതവും നഷ്ടവുമാണ് ഈ രണ്ടാഴ്ചയായി തുടരുന്ന മഴയെ തുടർന്ന് സംഭവിച്ചത്. നെൽകൃഷി വിളവെടുപ്പ് നടത്തുന്നത് ഡിസംബർ-ജനുവരി മാസങ്ങളിലാണ്. വിളവെടുപ്പ് നടത്തുന്ന ഈ സമയങ്ങളിലുണ്ടായ മഴയെത്തുടർന്ന് വയനാട് ജില്ലയിലെ ആയിരക്കണക്കിന് കർഷകർക്ക് അവരുടെ കൃഷി വിളവെടുപ്പ് നടത്താൻ സാധിക്കാതെ കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. മാത്രമല്ല വയനാട് ജില്ലയിൽ കാലവർഷക്കെടുതിയും വരൾച്ചയുമുണ്ടായ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലും ആശ്വാസവും അവിടത്തെ കർഷകർക്ക് ലഭിച്ചിട്ടുണ്ട്. നെല്ലുല്പാദനം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ ആയിരക്കണക്കിന് കർഷകരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് ആവശ്യമായ നഷ്ടപരിഹാരം അനുവദിക്കണം. അതോടൊപ്പംതന്നെ പതിനായിരക്കണക്കിന് ഹെക്ടർ വയലുകളിൽ കൊയ്തിട്ട

LIBRARY ARCHIVES Kerala Legislative Assembly

നെല്ലുകളെല്ലാം വെള്ളത്തിനടിയിലാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഇതിനാവശ്യമായ പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വയനാട് ജില്ലയിൽ ഡിസംബർ 8 മുതൽ 16 വരെ തുടർച്ചയായുണ്ടായ കനത്ത മഴ മൂലം, വിളഞ്ഞ നെല്ല് കൊയ്തെടുക്കാനും കൊയ്തിട്ട നെല്ല് പാടങ്ങളിൽ നിന്ന് കളത്തിലേക്ക് കൊണ്ടുവരുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. പാടത്ത് വെള്ളം കെട്ടി നിന്നതിനാൽ കൊയ്തിട്ടതും വിളഞ്ഞതുമായ നെല്ലിൽ മുള വന്ന് നശിച്ചിട്ടുണ്ട്. ഉയരം കൂടിയ നെല്ലിനങ്ങൾ കൃഷി ചെയ്തിട്ടുള്ള പാടങ്ങളിൽ ചാഞ്ഞുവീഴ്ച മൂലം നെൽകൃഷി നശിക്കുകയും യന്ത്രങ്ങളുപയോഗിച്ചു വിളവെടുത്ത പാടങ്ങളിൽ വൈക്കോൽ ചീഞ്ഞുനശിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക കണക്കനുസരിച്ച് ജില്ലയിൽ 574 ഹെക്ടർ സ്ഥലത്ത് 5,74,10,000 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും റിപ്പോർട്ട് ലഭിച്ചാലുടൻ അതിനുവേണ്ട നഷ്ടപരിഹാരം നൽകുന്നതാണെന്ന തീരുമാനവുമെടുത്തിട്ടുണ്ട്. അതോടൊപ്പം വയനാട് ജില്ലയിലെ നെൽകൃഷി പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് ജില്ലയ്ക്കു മാത്രമായി പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിന് എന്ന പദ്ധതിയിൽപ്പെടുത്തി ജീരകശാല, ഗന്ധകശാല കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 10000 രൂപ സബ്സിഡി നൽകി 1350 ഹെക്ടറിലേയ്ക്ക് 135 ലക്ഷം രൂപയുടെ പദ്ധതിക്ക് കൂടി രൂപം കൊടുത്തിട്ടുണ്ട്.

(17) എൻഡോസൾഫാൻ നീക്കം ചെയ്യൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഗോഡൗണിൽ സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ പറഞ്ഞ സമയത്തിനുള്ളിൽ നീക്കം ചെയ്യാത്തതുമൂലമുള്ള പ്രതിസന്ധി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എൻഡോസൾഫാൻ നിരോധനത്തെത്തുടർന്ന് ബാക്കിവന്ന എൻഡോസൾഫാൻ നീക്കം ചെയ്യണമെന്ന് ഒരുപാട് കാലമായി ആവശ്യപ്പെടുന്നുണ്ട്. അവിടെവച്ച് നിർവീര്യമാക്കുന്നതിന് പ്രദേശത്തുള്ള ജനങ്ങളുടെ എതിർപ്പുണ്ടായതുകൊണ്ട് നിർവീര്യമാക്കാതെ അതിന്റെ ടാങ്ക് മാറ്റാൻ ഞങ്ങളൊക്കെ പറഞ്ഞ് സമ്മതിപ്പിച്ചു. അന്ന് ഡിപ്പാർട്ടുമെന്റ് പറഞ്ഞത് പ്രകാരം പ്രത്യേകമായി നിയോഗിച്ചിട്ടുള്ള ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ വന്ന്, ഐക്യരാഷ്ട്ര സഭ നിർദ്ദേശിച്ചിട്ടുള്ള ജാറിലേക്ക് നിലവിലുള്ള ജാറിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly